# ഭരണഭാഷ - മാതൃഭാഷ


**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307


**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം,തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ജൂനിയർ സൂപ്രണ്ട് / ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ / ചീഫ് അക്കൌണ്ടൻറ് തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റവും, ഹെഡ് അക്കൌണ്ടൻറ് /ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിലേക്ക് ഉദ്യോഗകയറ്റവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ED1/16383/23/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 07.10.2023

---

വായന:- 1.15.01.2021 ലെ ഈ കാര്യാലയത്തിലെ ഇജി3/27365/20/ഡിടിഇ നമ്പർ സർക്കുലർ
2.06.10.2023 ലെ ഈ കാര്യാലയത്തിലെ ഇഡി1/15755/23/ഡിടിഇ നമ്പർ ഉത്തരവ്
3.ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിൽ 2023 വർഷത്തെ "സ്പാർക്ക്" പൊതു സ്ഥലം മാറ്റ റാങ്ക് പട്ടിക
4.ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

**<u>ഉത്തരവ്</u>**

വായന (2) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതിലൂടെ ടി തസ്തികയുടെ ഒരൊഴിവ് വകുപ്പിൽ ഉണ്ടായിട്ടുണ്ട്.

ജൂനിയർ സൂപ്രണ്ട് സമാന തസ്തികയുടെ പ്രസ്തുത ഒഴിവിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കാൻ അർഹരായ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി ഹെഡ് ക്ലാർക്ക് / ഹെഡ് അക്കൌണ്ടൻറ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക വായന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ജൂനിയർ സൂപ്രണ്ട് സമാന തസ്തികയിൽ നടപ്പ് വർഷത്തെ വായന (3) പൊതു സ്ഥലംമാറ്റ 'സ്പാർക്ക്" റാങ്ക് പട്ടിക പ്രകാരവും, ടി തസ്തികയിൽ അപ്രകാരം ഒഴിവ് വന്നിട്ടുള്ള മറ്റ് സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടുള്ള "സ്പാർക്ക്" അപേക്ഷകരുടെ അഭാവത്തിൽ മാനുവലായി സമർപ്പിച്ച വായന (4) അപേക്ഷകളിൽ സീനിയറായ ജീവനക്കാർക്കും, ചുവടെ ചേർക്കും വിധം ടി തസ്തികയിലേക്ക് സ്ഥലംമാറ്റം ഇതിനാൽ അനുവദിക്കുന്നു.

**<u>1.ജൂനിയർ സൂപ്രണ്ട് / ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ / ചീഫ് അക്കൌണ്ടൻറ് - സ്ഥലംമാറ്റം</u>**

| ക്രമ നം. | പേര്,തസ്തിക,<br>നിലവിലെ സ്ഥാപനം,പെൻ | സ്ഥലംമാറ്റം അനുവദിക്കുന്ന<br>സ്ഥാപനം |
|---|---|---|
| 1 | ശ്രീമതി.മേഴ്സി ജോർജ്ജ്.പി<br>ജൂനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>കോഴിക്കോട്<br>പെൻ - 197309<br>("സ്പാർക്ക്" ഓപ്ഷൻ പ്രകാരം) | സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,തൃശ്ശൂർ<br>(ശ്രീമതി.ലീത്താ ജോസഫിന്<br>ഉദ്യോഗക്കയറ്റം ലഭിച്ച ഒഴിവ്) |
| 2 | ശ്രീ.രവീന്ദ്രൻ മലയിൽ<br>ജൂനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,വയനാട്<br>പെൻ - 386767<br>(മാനുവൽ അപേക്ഷ പ്രകാരം) | സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,കോഴിക്കോട്<br>(ശ്രീമതി.മേഴ്സി ജോർജ്ജ്.പി<br>സ്ഥലംമാറുന്ന ഒഴിവ്) |
| 2 | ശ്രീ.തോമസ് അബ്രഹാം<br>ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ<br>സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,ഇടുക്കി<br>പെൻ - 374339<br>(മാനുവൽ അപേക്ഷ പ്രകാരം) | സർക്കാർ എഞ്ചിനീയറിംഗ്<br>കോളേജ്,വയനാട്<br>(ശ്രീ.രവീന്ദ്രൻ മലയിൽ<br>സ്ഥലംമാറുന്ന ഒഴിവ്) |

വായന (1) അന്തിമ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ഹെഡ് ക്ലാർക്ക് / ഹെഡ് അക്കൌണ്ടൻറ്



Draft #8 of File ED1/16383/23/DTE Approved by Senior Administrative Officer on 07-Oct-2023 01:33 PM - Page 1

തസ്തികയിലെ ജീവനക്കാർക്ക് 1958 ലെ ഭാഗം-II കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ ചട്ടം 28(b)(ii) യിലെ വ്യവസ്ഥകൾക്ക് വിധേയമായി ₹ 43400 - 91200 വേതന നിരക്കിൽ ജൂനിയർ സൂപ്രണ്ട് / ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ/ചീഫ് അക്കൌണ്ടൻറ് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റവും, നിയമനവും ചുവടെ പറയും പ്രകാരം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:

**2.ജൂനിയർ സൂപ്രണ്ട്/ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ/ചീഫ് അക്കൌണ്ടൻറ് - ഉദ്യോഗകയറ്റം**

| വായന (1) സീനിയോറിറ്റി പട്ടികയിലെ ക്രമ നം. | പേര്,തസ്തിക, നിലവിലെ സ്ഥാപനം,പെൻ | ഉദ്യോഗകയറ്റം അനുവദിക്കുന്ന തസ്തികയും,സ്ഥാപനവും |
|---|---|---|
| 67 | ശ്രീമതി.മഞ്ജു മാത്യൂ<br>ഹെഡ് അക്കൌണ്ടൻറ്<br>സർക്കാർ പോളിടെക്ക്നിക്ക് കോളേജ്,മുട്ടം<br>പെൻ - 415629 | ടെക്ക്നിക്കൽ സ്റ്റോർ കീപ്പർ<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ഇടുക്കി<br>(ശ്രീ.തോമസ് അബ്രഹാം സ്ഥലംമാറുന്ന ഒഴിവ്) |

ഉദ്യോഗക്കയറ്റം സിദ്ധിച്ച ജീവനക്കാർ ഉദ്യോഗക്കയറ്റ തസ്തികയിലെ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷ സേവനം ടി തസ്തികയിലെ നിരീക്ഷണകാലയളവായി പൂർത്തിയാക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ പട്ടികയിലുൾപ്പെട്ട ഉദ്യോഗസ്ഥന്മാരെ യഥാസമയം വിടുതൽ ചെയ്യു, അവരുടെ വിടുതൽ - ചേരുംകാലം ഈ കാര്യാലയത്തിൽ ഡിഡിഎഫ്എസ് വഴി മാത്രം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്റ്റേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആഫീസ് മേധാവി മുഖാന്തിരം) (ഡി.ഡി.എഫ്.എസ്. വഴി)
2. ബന്ധപ്പെട്ട ആഫീസ് മേധാവികൾക്ക് (ഡി.ഡി.എഫ്.എസ്. മുഖാന്തിരം)
3. ഐ.റ്റി. ഡിവിഷൻ, ഡി.റ്റി.ഇ. (വകുപ്പിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഇ.ജി. സെക്ഷൻ, ഡി.റ്റി.ഇ.
6. കരുതൽ ഫയൽ/ആഫീസ് കോപ്പി

പകർപ്പ്
സീനിയർ അഡിനിസ്റ്റേറ്റീവ് ആഫീസറുടെ സി.എ. യ്ക്ക്

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 07.10.2023
Reason: Approved

Draft #8 of File ED1/16383/23/DTE Approved by Senior Administrative Officer on 07-Oct-2023 01:33 PM - Page 2

The document is digitally approved. Hence signature is not needed.